# NEW AL WUROOD INTERNATIONAL SCHOOL , JEDDAH

**B.E.S.T. Group of Schools, K.S.A.**

Affiliated to CBSE – New Delhi, Affiliation No: 5730008

**WORKSHEET - 1**

**TERM 3 EXAMINATION (2022-23)**

**Class : 8** **Subject: Malayalam**

1. **തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കുത്തരമെഴുതുക**

ആശയവിനിമയത്തിൽ പത്രങ്ങൾക്കുള്ള വമ്പിച്ച സാധ്യതകൾ നന്നായി പ്രയോജനപ്പെടുത്താൻ സ്വാതന്ത്ര്യസമരകാലത്ത് നമുക്ക് കഴിഞ്ഞു. ജനങ്ങളിൽ രാജ്യസ്നേഹവും സ്വാതന്ത്ര്യബോധവും സമരാവേശവും ത്യാഗസന്നദ്ധതയും ഉണ്ടാക്കി അവരെ ദേശീയപ്രസ്ഥാനത്തിൽ പങ്കാളികളാക്കാൻ പത്രങ്ങൾ വഹിച്ച പങ്ക് വളരെ വലുതായിരുന്നു. ബാലഗംഗാതരതിലകൻ, ഗോഖലെ, ഗാന്ധിജി, സരോജിനിനായിഡു, തുടങ്ങിയ ദേശീയ നേതാക്കൾ സ്വാതന്ത്ര്യസമരത്തെ ഉത്തേജിപ്പിക്കുന്നതിനായി പത്രങ്ങൾ നടത്തുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. ബ്രിട്ടീഷ് ഭരണത്തിനെതിരായി സമരം ചെയ്യാനുള്ള ആവേശവും പകർന്നു കൊടുത്തതും ഇവിടത്തെ പത്രങ്ങളാണ്.

സതി, ശൈശവവിവാഹം, നരബലി, തുടങ്ങിയ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായി സാമൂഹ്യപരിഷ്കർത്താക്കൾ പ്രചാരണം നടത്തിയതും പത്രങ്ങളിലൂടെയായിരുന്നു.

മലയാളത്തിലെ ആദ്യത്തെ പത്രം ഡോ : ഹെർമൻ ഗുണ്ടർട്ട് ആരംഭിച്ച രാജ്യസമാചാരമാണ്. സ്വദേശാഭിമാനി പത്രത്തിന്റെ പത്രാധിപരായിരുന്ന കെ രാമകൃഷ്ണപിള്ള അക്കാലത്തെ അനീതികൾക്കും അസമത്വങ്ങൾക്കുമെതിരായി യുക്തിയുക്തം പോരാടി. ഒരു പത്രത്തിന്റെ മുഖപ്രസംഗത്തിനും വലിയ പ്രാധാന്യമുണ്ട്. പ്രധാന രാഷ്ട്രീയ സാമൂഹ്യ സംഭവങ്ങളെക്കുറിച്ചുള്ള

പത്രാധിപരുടെ വീക്ഷണവും നിലപാടും വിലയിരുത്തലും വ്യക്തമാക്കുന്നത് മുഖപ്രസംഗത്തിലാണ്.

1. മലയാളത്തിലെ ആദ്യത്തെ പത്രമേതായിരുന്നു ?
2. സ്വാതന്ത്ര്യസമരത്തെ ഉത്തേജിപ്പിക്കുന്നതിനായി പത്രങ്ങൾ നടത്തിയിരുന്ന ദേശീയനേതാക്കൾ ആരെല്ലാമായിരുന്നു?
3. ഏതെല്ലാം അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായാണ് പത്രങ്ങളിലൂടെ പ്രചാരണം നടത്തിയിരുന്നത്?
4. ഒരു പത്രത്തിന്റെ മുഖപ്രസംഗത്തിന്റെ പ്രാധാന്യമെന്ത്?
5. ഈ ഖണ്ഡികക്ക് ഉചിതമായ ശീർഷകം നൽകുക.

II.കുടിവെള്ള പ്രശ്നം കൊണ്ട് ബുദ്ധിമുട്ടുന്ന ഗ്രാമനിവാസികൾക്ക് വേണ്ടി കോർപറേഷൻ ചെയർമാന് ഒരു കത്ത് തയ്യാറാക്കുക.

III. നവമാധ്യമങ്ങൾ എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുക

******************************